ജനങ്ങളും അതിനുവേണ്ടി പ്രസ് ചെയ്യുന്നു. അതുകൊണ്ടാണ് അങ്ങനെ ഒരാവശ്യം പൊന്തിവന്നത്. ചേറുവാ പാലം തുറക്കുന്നതിനു മുമ്പ് ആ വഴിയുണ്ടായിരുന്ന പ്രൈവറ്റ് ബസ് സർവ്വീസും കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസും റീട്ടെയിൻ ചെയ്യാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. ഈ കാര്യത്തിൽ എനിക്ക് വ്യക്തിപരമായി ആ പ്രദേശവുമായി ബന്ധമുള്ളതുകൊണ്ട് ബഹുമാനപ്പെട്ട ചെയറിന്റെ പ്രശ്നം പോലെതന്നെ ഞങ്ങൾക്കും പ്രശ്നങ്ങളുണ്ട്. അവരവരുടെ നിയോജകമണ്ഡലത്തിലെ പ്രശ്നങ്ങൾ വരുമ്പോൾ റെയ്സ് ചെയ്യാൻ പറ്റാത്ത അവസ്ഥയുണ്ട്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട ചെയർ ഞങ്ങളെ സഹായിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

(11) ഏഴിമല നേവൽ അക്കാഡമി

ശ്രീ. എം. വി. രാഘവൻ : സർ, നേവൽ അക്കാഡമി ഏഴിമലയിൽ സ്ഥാപിക്കുമെന്നു കേന്ദ്ര ഗവൺമെന്റ് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് ഭൂമിയെല്ലാം അക്വയർ ചെയ്ത് ഏല്പിച്ചുകൊടുത്തെങ്കിലും നേവൽ അക്കാഡമിയെ സംബന്ധിച്ച് യാതൊരു നടപടികളും കേന്ദ്ര ഗവൺമെന്റ് നടത്തുന്നില്ല. ഭൂമി അന്യാധീനപ്പെട്ടു പോകാനാണെന്നു തോന്നുന്നു അവിടെ ഒരു മതിൽ കെട്ടുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് വേറെ നടപടികളൊന്നും എടുക്കുന്നില്ല. നമ്മുടെ അന്തരിച്ച പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി തന്നെ അതു തറക്കല്ലിടുമെന്ന് പറഞ്ഞതാണ്. അതു സംബന്ധിച്ച് ഒരു നടപടിയും പിന്നീട് ഉണ്ടായിട്ടില്ല. മാത്രമല്ല കൊച്ചിയിലുള്ള നേവൽ അക്കാഡമി ഇപ്പോൾ താൽക്കാലികമെന്ന പേരിൽ ഗോവയിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ഗവൺമെന്റ് ചിലർക്ക് ഭൂമി കൊടുത്തുവെന്ന് ഇന്നലെ ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞു. ഭൂമി കൊടുത്തുവെന്നല്ലാതെ ആ ഭൂമി കൊടുത്ത സ്ഥലത്തുള്ള കോളനികളിലേക്കു പോകാൻ റോഡോ അവിടെയുള്ളവർക്ക് വെള്ളമോയില്ല. വെള്ളമില്ലാത്തതിന് കാരണം അവിടെ ട്യൂബ് വെൽ ആണ് കുഴിച്ചിട്ടുള്ളത്. ട്യൂബ് വെൽ കുഴിക്കാൻ വേണ്ടി അതിന്റെ യന്ത്രം കൊണ്ടുപോകാൻ കഴിയുന്നില്ല. അതുകൊണ്ട് അവിടെയുള്ളവർക്ക് വെള്ളം കൊടുക്കാൻ കിണറു കുഴിക്കണം. അവിടെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളോ സ്കൂളുകളോ ഒന്നും തന്നെ ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടില്ല. നേവൽ അക്കാഡമി വരുന്നതോടുകൂടി പയ്യന്നൂർ വികസിപ്പിക്കേണ്ട ഒരു പദ്ധതി ഗവൺമെന്റിന്റെ മുമ്പിലുണ്ടായിരുന്നു. ഇപ്പോൾ അത് ഉപേക്ഷിച്ച മട്ടാണ്. പയ്യന്നൂർ ഒരു മുനിസിപ്പാലിറ്റിയായി ഉയർത്തുന്ന കാര്യം രണ്ടു കൊല്ലം മുമ്പ് അഖിലകക്ഷി നിവേദക സംഘത്തോട് പറഞ്ഞിട്ടുള്ളതാണ്. അത് ഇതുവരെയും ചെയ്തിട്ടില്ല. പയ്യന്നൂർ താലൂക്കിന്റെ പ്രശ്നം അധോഗതിയിലാണ്. കെ. എസ്. ആർ. ടി. സി. യിൽ ഉള്ള ഷെഡ്യൂളുകളും തന്നെ നിർത്തുകയാണ്. മുനിസിപ്പാലിറ്റിയുടെ കാര്യമായാലും താലൂക്കായിട്ട് ഉയർത്തുന്ന കാര്യമായാലും കെ. എസ്. ആർ. ടി. സി. യുടെ കാര്യമായാലും പയ്യന്നൂർ നഗരത്തിന്റെ വികസനം..... പയ്യന്നൂർ ആശുപത്രി വികസിപ്പിക്കുമെന്നു പറഞ്ഞു. അതെല്ലാം ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. സ്റ്റേറ്റ് ഗവൺമെന്റ് നേവൽ അക്കാഡമിയുടെ പേരിൽ എടുത്ത മുഴുവൻ നടപടികളും നിർത്തിവച്ചിരിക്കുകയാണ്. കേന്ദ്രഗവൺമെന്റ് ആകെയുള്ള ഭൂമി അന്യാധീനപ്പെടുന്നതിനു ഒരു മതിൽ കെട്ടുകയാണ് ചെയ്തത്. താൽക്കാലികമെന്നു പറഞ്ഞ് അക്കാഡമിയുടെ കേന്ദ്രം ഇപ്പോൾ ഗോവയിലേക്ക് മാറ്റി. അത് അവിടെ സ്ഥിരമാക്കാൻ പോകുന്നു എന്ന ആശങ്ക ജനങ്ങളിൽ ഉണ്ടായിട്ടുണ്ട്. വളരെയധികം കഷ്ടപ്പാട് അനുഭവിച്ചുകൊണ്ടാണ് ജനങ്ങൾ ഭൂമി ഒഴിഞ്ഞുകൊടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ ഒഴിഞ്ഞു കൊടുക്കുന്ന ഭൂമിയാണെങ്കിൽ സ്റ്റേറ്റ് ഗവൺമെൻറിൻെറ കാശുകൊണ്ട്, കടമാണെങ്കിലും കേന്ദ്രഗവൺമെൻറിനെ ഫുള്പിച്ചു കൊടുത്തിട്ട് രണ്ടു മൂന്നു വർഷമായി. അവിടെ ഇപ്പോഴും ഒന്നും ചെയ്യാത്തായിട്ടാണ് കാണുന്നത്. സംസ്ഥാന ഗവൺമെൻറ് പറഞ്ഞതുപോലെ പയ്യന്നൂർ താലൂക്കായി ഉയർത്തണം. പയ്യന്നൂർ ആശുപത്രി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയായിട്ടെങ്കിലും ഉയർത്തണം. പയ്യന്നൂരിൻെറ വികസനത്തിന് വേണ്ട നടപടികളെടുക്കണം. അവിടെയുള്ള ആളുകൾക്ക് കുടിക്കാൻ വെള്ളം കൊടുക്കണം. അവർക്ക് കൊടുക്കാമെന്നു പറഞ്ഞ റോഡ് കൊടുക്കണം. ഹരിജന ക്ഷേമ വകുപ്പ്, മൽസ്യത്തൊഴിലാളി കോർപ്പറേഷൻ— ഇവർക്ക് വീടു വച്ചുകൊടുക്കുമെന്നു പറഞ്ഞതിൽ നാമമാത്രമായ ശ്രമങ്ങളേ നടന്നിട്ടുള്ളു. അല്ലാതെ യാതൊന്നും നടത്തിയിട്ടില്ല. 50 ഹരിജൻ കുടുംബങ്ങൾക്ക് ഗവൺമെൻറ് ഭൂമി കൊടുത്തിട്ടുണ്ട്. അതുപോലെ പത്തു നൂറു മത്സ്യത്തൊഴിലാളി കുടുംബങ്ങളുണ്ട്. അവർക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ല. പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള സാധാരണക്കാർക്ക് പത്തുസെൻറ് ഭൂമി കൊടുത്തിട്ടുണ്ട്. അത്തരം ആളുകൾക്ക് വീടു നിർമ്മിക്കുന്നതിന് സഹായം നൽകാമെന്ന് ഗവൺമെൻറ് പറഞ്ഞതാണ്. ഇത്തരം കാര്യങ്ങളിൽ ഗവൺമെൻറിൻെറ അടിയന്തിരമായ ശ്രദ്ധ പതിയേണ്ടതായിട്ടുണ്ട്. കേരളത്തിലെ ഒരു പ്രധാനപ്പെട്ട ഏർപ്പാടെന്ന നിലയിൽ ഗവൺമെൻറ് അടിയന്തിരമായി ഇതിൽ ശ്രദ്ധപതിപ്പിക്കണം. കേന്ദ്ര ഗവൺമെൻറ് ഈ കാര്യത്തിൽ എന്തു നിലപാട് സ്വീകരിക്കുന്നുവെന്ന് സംസ്ഥാന ഗവൺമെൻറിന് വല്ല വിവരവുമുണ്ടെങ്കിൽ അത് പറയണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇന്നലെ 417-ാം നമ്പർ ചോദ്യത്തിന് മറുപടിയായി ഈ കാര്യങ്ങളെ സംബന്ധിച്ച് വിശദമായി പറഞ്ഞതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നേവൽ അക്കാഡമിയുടെ പ്രവർത്തനം വേഗത്തിൽ നടന്നു കാണണമെന്നാണ് സംസ്ഥാന ഗവൺമെൻറിൻെറയും ആഗ്രഹം. മുൻപ്രധാനമന്ത്രി ഈ കാര്യത്തിൽ വളരെയധികം താൽപ്പര്യമെടുത്ത് പ്രവർത്തനം ആരംഭിക്കണമെന്ന് നിർദ്ദേശിച്ചിരുന്നതാണ്. നിർഭാഗ്യവശാൽ അതിന് കുറെ കാലതാമസം ഉണ്ടായിട്ടുണ്ട്. എങ്കിലും വീണ്ടും ആ കാര്യത്തെ സംബന്ധിച്ച് വിദഗ്ദ്ധ സമിതികളുമായി ആലോചന നടത്തി. അതിൻെറ പ്രവർത്തനം ഈ സാമ്പത്തിക വർഷംതന്നെ തുടങ്ങണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതിൻെറ ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുവാൻ പ്രധാനമന്ത്രി തന്നെ വരാമെന്ന് സമ്മതിച്ചിട്ടുണ്ട്. ആവശ്യമായ മറ്റെല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. ഏതെങ്കിലും കാര്യം ബഹുമാനപ്പെട്ട മെമ്പർ ഗവൺമെൻറിൻെറ ശ്രദ്ധയിൽപെടുത്തുകയാണെങ്കിൽ അത് പരിശോധിക്കാൻ തയ്യാറാണ്.

(12) കർഷക സംഘംനേതാക്കളുടെ ഉപവാസം

ശ്രീ. ഇ. കെ. നായനാർ : സർ, കഴിഞ്ഞ നവംബർ മാസം 6-ാം തീയതി മുതൽ ഇവിടെ നിരാഹാര സമരം നടത്തുകയാണ്, കർഷകസംഘത്തിൻെറ നേതാക്കൻമാർ കേരളത്തിലാകെ. ആ നേതാക്കൻമാരുമായി ബന്ധപ്പെട്ട് സംസാരിക്കാനും പ്രശ്നം പരിഹരിക്കാനും വേണ്ടി അവർ ഗവൺമെൻറിൻെറ മുമ്പാകെ പലതവണ അഭ്യർത്ഥിക്കുകയുണ്ടായി. സെപ്റ്റംബർ 4-ാം തീയതി കേരളത്തിലെ പ്രതിപക്ഷ കർഷക സംഘത്തിൻെറ നേതാക്കൻമാർ ഒരു മാർച്ച് നടത്തുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മെമ്മോറാണ്ടം കൊടുക്കുകയും ചെയ്തു. സെപ്റ്റംബർ 20-ാം തീയതി കണ്ട് സംസാരിക്കാമെന്ന് അന്ന് അവർക്ക് ഉറപ്പു നൽകിയതാണ്. പക്ഷേ, അത് ഇതു

LIBRARY ARCHIVES Kerala Legislative Assembly